# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .389 27/09/2016-ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി യുടെ പുതിയ സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ചാലക്കുടിയിലെ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും, കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 -ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ചാലക്കുടി, കൊരട്ടി, അന്നമനട എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ